**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 61** **04-10-2021 - ൽ മറുപടിയ്ക്ക്**

**ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | Shri. Pinarayi Vijayan (മുഖ്യമന്ത്രി) | |
| (എ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ഏതെല്ലാം ആവശ്യങ്ങൾക്കാണ് ധനസഹായം അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ചികിത്സ ധനസഹായം, അപകട മരണം, പ്രകൃതി ദുരന്തം, തീപിടുത്തത്തിൽ വാസഗൃഹങ്ങൾ നഷ്ടപ്പെടുന്നവർക്കും, കടൽക്ഷോഭം മറ്റ് അപകടങ്ങൾ എന്നിവയിൽ വള്ളം, ബോട്ട്, വല, കട്ടമരം എന്നീ ജീവിതോപാധികൾ നഷ്ടപെടുന്നവർക്കും മറ്റ് വകുപ്പുകൾ ആവശ്യപ്പെടുന്ന ധനസഹായങ്ങളും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്നുണ്ട്. |
| (ബി) | ചികിത്സ ധനസഹായം അനുവദിക്കുന്നതിന് ഏതൊക്കെ രേഖകൾ ആണ് ആവശ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ചികിത്സ ധനസഹായം അനുവദിക്കുന്നതിന് അപേക്ഷയോടൊപ്പം ഗുണഭോക്താവിന്റെ പേരുൾപ്പെടുന്ന റേഷൻ കാർഡിന്റെ പകർപ്പ്, വരുമാന സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്സ് ബുക്കിന്റെ ആദ്യ പേജ്, രോഗവിവരം വ്യക്തമാക്കി പ്രതിപാദിക്കുന്ന 6 മാസ കാലാവധിയ്ക്കകത്തുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകൾ ആണ് ആവശ്യമായിട്ടുള്ളത് |
| (സി) | ക്യാൻസർ, വൃക്കരോഗം, ഹൃദ്രോഗം തുടങ്ങിയ രോഗങ്ങൾ കാരണം ദുരിതമനുഭവിക്കുന്നവർക്ക് ധനസഹായം അനുവദിക്കുന്നതിന് ഏതെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ; ഇത്തരം രോഗികൾക്ക് എത്ര രൂപയാണ് അനുവദിക്കാറുള്ളത് എന്ന് വ്യക്തമാക്കാമോ; | (സി) | ചികിത്സ ധനസഹായം അനുവദിക്കുന്നതിന് അപേക്ഷയോടൊപ്പം ഗുണഭോക്താവിന്റെ പേരുൾപ്പെടുന്ന റേഷൻ കാർഡിന്റെ പകർപ്പ്, 2 ലക്ഷം രൂപയിൽ താഴെ പരിധിയുള്ള വരുമാന സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്സ് ബുക്കിന്റെ ആദ്യ പേജ്, രോഗവിവരം വ്യക്തമാക്കി പ്രതിപാദിക്കുന്ന 6 മാസ കലാവധിയ്ക്കകത്തുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകൾ ഹാജരാക്കേണ്ടതാണ്.രോഗത്തിന്റെ തീവ്രതയും ചികിത്സ ചെലവുമനുസരിച്ചും പരമാവധി 3 ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്നുണ്ട്. |
| (ഡി) | ചികിത്സയ്ക്ക് മുമ്പ് അപേക്ഷിക്കുന്നവർക്ക് പ്രതീക്ഷിത തുക അനുവദിക്കുമോ; ഇല്ലെങ്കിൽ പ്രതീക്ഷിക്കുന്ന തുകയുടെ എത്ര ശതമാനമാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ഡി) | മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശസ്ത്രക്രിയക്കും മറ്റും ധനസഹായം അനുവദിക്കുന്നുണ്ട്. ഇതിന് ശതമാനം നിശ്ചയിച്ചിട്ടില്ല |

| | | | |
|---|---|---|---|
| (ഇ) | ചികിത്സ ധനസഹായം വേഗത്തിൽ ലഭ്യമാക്കുന്നതിന് ഏതെങ്കിലും നടപടികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (ഇ) | ചികിത്സ ധനസഹായത്തിന് സി.എം.ഓ. പോർട്ടൽ വഴി ലഭിക്കുന്ന ആവശ്യമായ രേഖകൾ ഉൾപ്പെടുത്തിയ അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നുണ്ട്. |
| (എഫ്) | ഏതൊക്കെ രീതിയിലുള്ള മരണങ്ങൾക്കാണ് ദുരിതാശ്വാസ നിധിയിൽ നിന്ന് ആശ്രിതർക്ക് സഹായം അനുവദിക്കാറുള്ളത്; ഈ ധനസഹായത്തിന് വേണ്ടി എന്തൊക്കെ രേഖകളാണ് സമർപ്പിക്കേണ്ടത്; എത്ര രൂപ വരെയാണ് ആശ്രിതർക്ക് ധനസഹായമായി നൽകിവരുന്നത്; വിശദമാക്കുമോ? | (എഫ്) | അപകടമരണങ്ങൾക്കാണ് ദുരിതാശ്വാസ നിധിയിൽ നിന്ന് ആശ്രിതർക്ക് സഹായം അനുവദിക്കാറുള്ളത്. 2 ലക്ഷം രൂപയിൽ താഴെ പരിധിയുള്ള വരുമാന സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്സ് ബുക്കിന്റെ ആദ്യ പേജ് ,മരണസർട്ടിഫിക്കറ്റ്, പോസ്റ്റ്മാർട്ടം സർട്ടിഫിക്കറ്റ് , എഫ്.ഐ.ആർ. എന്നീ രേഖകളാണ് സമർപ്പിക്കേണ്ടത്. 1 ലക്ഷം രൂപയാണ് ആശ്രിതർക്ക് ധനസഹായമായി നൽകിവരുന്നത്. |

സെക്ഷൻ ഓഫീസർ